മറ്റ് പദ്ധതികൾ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

(സി) എം.എൽ.എ ഫണ്ട് (MLA SDF) പദ്ധതി ആരംഭിച്ചത് 2001-02 വർഷത്തിലും ആസ്തി വികസന പദ്ധതി (LAC ADS) ആരംഭിച്ചത് 2012-13 വർഷത്തിലുമാണ്. എം.എൽ.എ. എസ്.ഡി.എഫ്. ഇനത്തിൽ അലോട്ട്മെന്റ് നൽകിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധം (1)ൽ ചേർക്കുന്നു.*

എൽ.എ.സി. എ.ഡി.എസ്. ഇനത്തിൽ ഒരു എം.എൽ.എ.-യ്ക്ക് ഓരോ സാമ്പത്തിക വർഷവും 5 കോടി എന്ന കണക്കിൽ ബഡ്ജറ്റിൽ തുക വകയിരുത്തുന്നുണ്ട്. ട്രഷറിയിൽനിന്നും ഓരോ വർഷവും പിൻവലിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(ഡി) എം.എൽ.എ. മാരുടെ ആസ്തി വികസന പദ്ധതി, പ്രത്യേക വികസന നിധി എന്നിവയിലുള്ള നിർദ്ദേശങ്ങൾ പരിശോധിക്കുമ്പോൾ ഭരണപക്ഷം/പ്രതിപക്ഷം എന്ന വകഭേദം കാണിക്കാറില്ല. ഇത്തരം നിർദ്ദേശങ്ങൾ അതീവ ഗൗരവത്തോടെയാണ് കാണുന്നത്. സമീപകാലത്തെങ്ങും ഇത്തരം ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മറ്റ് പദ്ധതികൾ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

**സംസ്ഥാനത്തിന്റെ പൊതുകടം**

**107 (3616)** ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാങ്ങിയ പൊതുകടത്തിൽ നിന്നും എത്ര തുക മൂലധനനിക്ഷേപത്തിനായി ചെലവഴിച്ചു, വിശദവിവരം നൽകുമോ;

(ബി) 2015 നവംബർ 1 വരെ കേരളത്തിന്റെ പൊതുകടം എത്ര; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) കടമെടുക്കുന്ന തുക വികസന ചെലവുകൾക്കും പദ്ധതി പ്രവർത്തനങ്ങൾക്കുമാണ് പ്രധാനമായും ചെലവഴിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എടുത്ത കടവും (തനി) മൂലധന ചെലവും വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(തുക കോടിയിൽ)

| വർഷം | കടമെടുത്ത തുക (തനി) | മൂലധന ചെലവ് |
|---|---|---|
| 2011-12 | 10744.94 | 3852.92 |
| 2012-13 | 14142.66 | 4603.29 |
| 2013-14 | 15448.23 | 4294.33 |
| 2014-15 | 16431.17 | 4254.59 |

(ബി) അക്കൗണ്ടന്റ് ജനറലിന്റെ മാസാടിസ്ഥാനത്തിലുള്ള പ്രാഥമിക കണക്കുകൾ പ്രകാരം 31.10.2015 വരെ സംസ്ഥാനത്തിന്റെ പൊതുകടം 145152.77 കോടി രൂപയാണ്. ഇതിൽ 96659.92 കോടി രൂപ ആഭ്യന്തര കട ഇനത്തിലും 7259.13 കോടി രൂപ കേന്ദ്രസഹായ വായ്പ ഇനത്തിലും 41233.72 കോടി രൂപ സ്മോൾ സേവിംഗ്സ്, പ്രൊവിഡന്റ് ഫണ്ട് തുടങ്ങി ഇനത്തിലുമായിരുന്നു.

**2014-15 വർഷത്തെ വരവ് - ചെലവു കണക്കുകൾ**

**108 (3617)** ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 - 15 സാമ്പത്തിക വർഷത്തെ വിദേശ വായ്പ, കേന്ദ്ര വിഹിതം, റവന്യൂ വർവുകൾ, ഇതര മാർഗ്ഗങ്ങളിൽ നിന്നുള്ള വരുമാനം എന്നീ ഇനങ്ങളിൽ ആകെ എത്ര തുക സമാഹരിക്കുവാൻ കഴിഞ്ഞു; ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വർഷത്തെ വിവിധ ചെലവുകൾ, സർക്കാർ ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും പെൻഷനും ഉൾപ്പെടെ എത്രയെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വർഷത്തിൽ വികസന പ്രവർത്തനങ്ങൾക്കായി എത്ര തുക ചെലവഴിച്ചു ; വിശദമായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തെ വിദേശ വായ്പ, കേന്ദ്ര വിഹിതം, റവന്യൂ വരുമാനം, ഇതര മാർഗ്ഗങ്ങളിൽ നിന്നുള്ള വരുമാനം എന്നിവ ഇനം തിരിച്ച് ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly